**Malayala Manorama**

**20 August 2018**

**Kumali, Mullaperiyar Dam, Water Level**

# മുല്ലപ്പെരിയാർ ജലനിരപ്പ് 139 അടിയാക്കുന്നത് എതിർക്കില്ല: പനീർസെൽവം

കുമളി • മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയായി താഴ്ത്തുന്നതിനെ നിലവിലെ സാഹചര്യത്തിൽ എതിർക്കില്ലെന്നു തമിഴ്നാട് ഉപമുഖ്യമന്ത്രി ഒ. പനീർസെൽവം.

കേരളീയർ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടു പരിഗണിച്ചാണ് ഇത്. അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിൽ നിലനിർത്തുന്നതിൽ അപകടമില്ലെന്നും ഒ.പനീർ സെൽവം പറഞ്ഞു.കുമളി ഇറച്ചിപ്പാലത്തിനു സമീപം ദേശീയപാത തകർന്നതു പരിശോധിക്കാൻ ശനിയാഴ്ച എത്തിയപ്പോഴാണു പനീർസെൽവം ഇക്കാര്യം മാധ്യമ പ്രവർത്തകരോടു പറഞ്ഞത്.

അണക്കെട്ട് ബലവത്തായതിനാലാണ്, ജലനിരപ്പ് 142 അടി വരെ ഉയർത്താൻ സുപ്രീം കോടതി അനുമതി നൽകിയത്. എന്നാൽ, പ്രളയത്തിൽ കേരളത്തിലെ ജനങ്ങൾ വൻ ദുരിതമാണ് അനുഭവിക്കുന്നതെന്നു പനീർ സെൽവം പറഞ്ഞു.